**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5769** **16-03-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ട്രോമ കെയർ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ട്രോമ കെയർ സെന്ററിന്റെ (ഫേസ്-2) നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ ലേലം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാ കെയർ സെന്റർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കുന്നതിന് 2023 ഫെബ്രുവരി 20,22,24 തീയതികളിൽ ലേലം നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത മരങ്ങൾക്ക് വനം വകുപ്പ് നിശ്ചയിച്ച വില ലഭിക്കാത്തതിനാൽ ലേലം സ്ഥിരപ്പെടുത്തി നൽകിയിട്ടില്ല. ലേലത്തിൽ വിളിച്ച ഏറ്റവും കൂടിയ തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രിൻസിപ്പലുടെ അപേക്ഷ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ബി) | വനം വകുപ്പ് നിശ്ചയിച്ച തുക ലേലത്തിൽ ലഭ്യമായിട്ടില്ലെങ്കിൽ മരം മുറിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാ കെയർ സെന്റർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കുന്നതിന് 2023 ഫെബ്രുവരി 20,22,24 തീയതികളിൽ ലേലം നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത മരങ്ങൾക്ക് വനം വകുപ്പ് നിശ്ചയിച്ച വില ലഭിക്കാത്തതിനാൽ ലേലം സ്ഥിരപ്പെടുത്തി നൽകിയിട്ടില്ല. ലേലത്തിൽ വിളിച്ച ഏറ്റവും കൂടിയ തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതിനുള്ള പ്രിൻസിപ്പലുടെ അപേക്ഷ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (സി) | മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിക്കാനുള്ള മരങ്ങൾ ലേലം ചെയ്തിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ? | (സി) | കോഴിക്കോട് മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ ബോയ്സ് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്ന സ്ഥലത്തെ മരങ്ങൾ മുറിച്ച് നീക്കുന്നതിന് 2023 ഫെബ്രുവരി 20, 22, 24 തീയതികളിൽ നടത്തിയ ലേലത്തിൽ യഥാക്രമം 50,100/-, 60,000/-, 65,000/- എന്നീ തുകകളാണ് പരാമാവധി ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ വനം വകുപ്പ് നിശ്ചയിച്ച തുക ലഭ്യമാകാത്തതിനാൽ ലേലം സ്ഥിരപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ